# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.553 | 06.02.2013-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. കെ.അച്ചുതൻ
ശ്രീ. വി.റ്റി.ബൽറാം
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. ആർ.സെൽവരാജ്

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗം

| | | |
|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേരളത്തിൻെറ സമഗ്ര വികസനത്തിനായി മുന്നോട്ടുവെച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്. കമ്പോള വൈവിധ്യവത്കരണ ത്തിലൂടെ സംസ്ഥാനത്ത് നിന്നുളള പരമ്പരാഗത കയറ്റുമതി ഉല്പന്നങ്ങളുടെ വിപണി സാദ്ധ്യത മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ നയരൂപീകരണം നടത്തുക, ആഗോളസാമ്പത്തിക മാന്ദ്യത്തിൻെറ ഭവിഷ്യത്തുകളെ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരുകളുടെ സഹായത്തിനായി സ്പെഷ്യൽ ഫണ്ട് രൂപീകരിക്കുക, തോട്ടവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കയറ്റുമതി ഇൻസെൻറീവ് പ്രഖ്യാപിക്കുക, അസംസ്കൃത വസ്തുക്കളുടെ പ്രാദേശികമായ ലഭ്യതയുടെയും സീസണൽ വിളകളുടെ ഉത്പാദനത്തിൻെറയും അടിസ്ഥാനത്തിൽ മാത്രം ഇറക്കുമതി അനുവദിക്കുക, പാമോയിലിൻെറ ഇറക്കുമതിക്ക് ഉയർന്ന ഡ്യൂട്ടി നിശ്ചയിക്കുക, പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന |
| (ബി) | സംസ്ഥാനത്ത് മെഗാ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം സഹായമാണ് അഭ്യർത്ഥിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | |
| (സി) | സംസ്ഥാന പദ്ധതികളുടെ ആവിഷ്ക്കരണം സംബന്ധിച്ച് ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ വിശദമാക്കുമോ; | |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തിനുളള കേന്ദ്ര സഹായം ഉയർത്താനും വിഹിതം ആനുപാതികമായി വർദ്ധിപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിക്കുക., തെങ്ങിൻ തോട്ടങ്ങളിൽ പുനർ നടീലിനും ഉന്നമനത്തിനുമായി ആവിഷ്ക്കരിച്ച കേന്ദ്ര പൈലറ്റ് പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുക, സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുക, സൗരോർജ്ജ പദ്ധതികൾക്കായി കേന്ദ്ര സഹായ പാക്കേജ് അനുവദിക്കുക, കൽക്കരി അടിസ്ഥാനമാക്കി ഊർജ്ജ പദ്ധതികൾ ആവിഷ്ക്കരിക്കുക, പാചക വാതക വില നിശ്ചയിക്കുന്നതിനായി ഇറക്കുമതി ചെയ്യുന്നതും പ്രാദേശികമായി ഉല്പാദിക്കുന്നതുമായ പ്രകൃതി വാതകത്തിൻെറ ഗ്യാസ് പൂളിംഗ് സംവിധാനം ഏർപ്പെടുത്തുക, കൃഷിയുടെ മൂല്യ വർദ്ധനയ്ക്കായി ഇടുക്കി, വയനാട് ജില്ലകൾക്കായി പ്രത്യേക കൃഷി പാക്കേജുകൾ നടപ്പിലാക്കുക, വിഴിഞ്ഞം മുതലായ പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് സൗകര്യം ലഭ്യമാക്കുന്നതിന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൻെറയും പ്ളാനിംഗ് കമ്മിഷൻെറയും സഹായം ലഭ്യമാക്കുക, ഒരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനം മറ്റൊരു സംസ്ഥാനത്തേയ്ക്ക് കടക്കുന്നതിന് നീതിയുക്തമായ നികുതി ഘടന രൂപീകരിക്കുക, ടൂറിസം മേഖലയെ സേവന നികുതിയിൽ നിന്ന് ഒരു വർഷത്തേയ്ക്ക് ഒഴിവാക്കുക, സമഗ്ര ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി RSBY പദ്ധതിയിൽ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തുക, കേരളത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് സ്ഥാപിക്കുക, കേരളത്തിൻെറ ബൃഹത്തായ ആയുർവേദ പാരമ്പര്യത്തെ പരിഗണിച്ച് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുക, സാങ്കേതിക വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സംസ്ഥാനത്ത് സ്ഥാപിക്കുക, ബി.കെ.ചതുർവേദി കമ്മിറ്റി ശുപാർശകളനുസരിച്ച് കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുക. |

സെക്ഷൻ ഓഫീസർ